# ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം
## വിജ്ഞാപനം

**നം. എസിഡി.സി.3/16830/എച്ച്.എസ്.ഇ/2013** **തീയതി : 13/06/2013**

വിഷയം :- ഹ.സെ.വി – സർക്കാർ/എയ്ഡഡ് ഹയർ സെക്കന്ററി സ്കൂൾ നിലവിലില്ലാത്ത പഞ്ചായത്തുകളിൽ 2013 –2014 അദ്ധ്യയനവർഷം മുതൽ പുതുതായി ഹയർ സെക്കന്ററി സ്കൂളുകൾ അനുവദിക്കുന്നതിനും ഹയർ സെക്കന്ററി സീറ്റുകളുടെ അപര്യാപ്തതയുള്ള എറണാകുളം മുതൽ വടക്കോട്ടുള്ള എട്ട് ജില്ലകളിൽ ആവശ്യകത അനുസരിച്ച് സ്കൂളുകളും അധിക ബാച്ചുകളും അനുവദിക്കുന്നതിനും അപേക്ഷകൾ ക്ഷണിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

സൂചന :- സ.ഉ. (കൈ) നം. 185/2013/പൊ.വി. തീയതി 11/06/2013.

കേരളത്തിൽ ഹയർ സെക്കന്ററി സ്കൂൾ നിലവിലില്ലാത്ത പഞ്ചായത്തുകളിൽ ഹയർ സെക്കന്ററി സ്കൂൾ അനുവദിക്കുന്നതിനും ഹയർ സെക്കന്ററി സീറ്റുകളുടെ അപര്യാപ്തത നേരിടുന്ന എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോഡ് ജില്ലകളിൽ പ്ലസ് ടു സീറ്റുകളുടെ കുറവിനാനുപാതികമായും, അടിസ്ഥാനസൗകര്യങ്ങളും എസ്.എസ്.എൽ.സി പാസ്സായ കുട്ടികളുടെ എണ്ണവും കണക്കിലെടുത്തും നിലവിലുള്ള ഗവ/എയ്ഡഡ് ഹൈസ്കൂളുകൾ അപ്ഗ്രേഡ് ചെയ്ത് രണ്ട് ബാച്ചുകൾ വീതം അനുവദിക്കുന്നതിനും നിലവിലുള്ള ഗവ/എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ ഓരോ അധിക ബാച്ച് വീതം അനുവദിക്കുന്നതിനും സൂചന പ്രകാരമുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് സർക്കാർ/എയ്ഡഡ് തലത്തിൽ ഹയർ സെക്കന്ററി സ്കൂൾ ലഭ്യമല്ലാത്ത പഞ്ചായത്തുകളിലെ നിലവിലുള്ള സർക്കാർ/എയ്ഡഡ് ഹൈസ്കൂളുകളിൽ നിന്നും പുതുതായി ഹയർ സെക്കന്ററി കോഴ്സ് അനുവദിക്കുന്നതിനും എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോഡ് ജില്ലകളിൽ ഹയർ സെക്കന്ററി സീറ്റുകളുടെ അപര്യാപ്തത ഉള്ള പ്രദേശങ്ങളിലെ ഗവ/എയ്ഡഡ് ഹൈസ്കൂളുകൾ അപ്ഗ്രേഡ് ചെയ്ത് രണ്ട് ബാച്ചുകൾ വീതം അനുവദിക്കുന്നതിനും നിലവിലെ ഗവ/എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ ഓരോ അധികബാച്ച് വീതം അനുവദിക്കുന്നതിനും അപേക്ഷകൾ ക്ഷണിക്കുന്നു.

2013 – 2014 അദ്ധ്യയന വർഷം മുതൽ ഹയർ സെക്കന്ററി കോഴ്സ് പ്രവർത്തനമാരംഭിക്കാനുദ്ദേശിക്കുന്ന ടി പഞ്ചായത്തുകളിൽ നിലവിലുള്ള സർക്കാർ ഹൈസ്കൂളുകളിലെ ഹെഡ്മാസ്റ്റർമാർക്കും എയ്ഡഡ് ഹൈസ്കൂളുകളിലെ മാനേജർമാർക്കും, മേൽചേർത്ത ജില്ലകളിൽ ഹയർ സെക്കന്ററി കോഴ്സ്/അധികബാച്ച് പ്രവർത്തനം തുടങ്ങാൻ ഉദ്ദേശിക്കുന്ന ഗവൺമെന്റ് ഹൈസ്കൂളുകൾ/ഹയർ സെക്കന്ററി സ്കൂളുകളിലെ ഹെഡ്മാസ്റ്റർ/പ്രിൻസിപ്പൽമാർക്കും എയ്ഡഡ് ഹൈസ്കൂളുകൾ/ഹയർ സെക്കന്ററി സ്കൂളുകളിലെ മാനേജർമാർക്കും ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്ന നിശ്ചിത മാതൃകയിലുള്ള അപേക്ഷ ഫാറത്തിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. പുതുതായി ഹയർ സെക്കന്ററി സ്കൂൾ/ബാച്ച് അനുവദിക്കുന്നതിനായുള്ള മാനദണ്ഡങ്ങളും നിബന്ധനകളും ചുവടെ ചേർക്കുന്നു.

**i.** ഹയർ സെക്കന്ററികോഴ്സുകൾ നിലവിലില്ലാത്ത പഞ്ചായത്തുകളിൽ പുതുതായി ഹയർ സെക്കന്ററി കോഴ്സുകൾ അനുവദിക്കുന്നതും എറണാകുളം മുതൽ വടക്കോട്ടുള്ള എട്ട് ജില്ലകളിൽ ആവശ്യകത അനുസരിച്ച് ഹയർ സെക്കന്ററി കോഴ്സ്/ബാച്ച് അനുവദിക്കുന്നതും താഴെ പറയുന്ന മുൻഗണനാക്രമത്തിലായിരിക്കും.

**a.** ഗവൺമെന്റ് ഹൈസ്കൂളുകൾ/ഹയർ സെക്കന്ററി സ്കൂളുകൾ

**b.** കോർപ്പറേറ്റ് മാനേജ്മെന്റ് നടത്തുന്ന എയ്ഡഡ് ഹൈസ്കൂളുകൾ/ഹയർ സെക്കന്ററി സ്കൂളുകൾ

**c.** വ്യക്തിഗത/ട്രസ്റ്റ് മാനേജ്മെന്റുകൾ നടത്തുന്ന എയ്ഡഡ് ഹൈസ്കളുകൾ/ ഹയർ സെക്കന്ററി സ്കൂളുകൾ

**ii.** ഹയർ സെക്കന്ററി സ്കൂളുകളിൽ അധികബാച്ചുകൾ അനുവദിക്കുന്നതിന് കൂടുതൽ സീറ്റുകൾ ആവശ്യമായി വരുന്ന റവന്യൂ ജില്ലയ്ക്കായിരിക്കും മുൻഗണന നൽകുക.

**iii.** നിലവിലുള്ള ഗവ/എയ്ഡഡ് ഹൈസ്കൂളുകളിൽ/ഹയർ സെക്കന്ററി സ്കൂളുകളിൽ മാത്രമേ പുതുതായി ഹയർ സെക്കന്ററി കോഴ്സ്/ബാച്ച് അനുവദിക്കുകയുള്ളൂ. പ്രൈമറി സ്കൂളുകളിൽ യാതൊരുകാരണവശാലും ഹയർ സെക്കന്ററി കോഴ്സ് അനുവദിക്കുന്നതല്ല.

**iv.** അപേക്ഷയുടെ കൂടെ, ഏതെങ്കിലും ഗവൺമെന്റ് ട്രഷറികളിൽ നിന്നും “0202-01-102-97-(03)-other receipts” എന്ന ഹെഡ്ഡിൽ 500/- രൂപ അപേക്ഷാഫീസ് അടച്ചതിന്റെ അസ്സൽ ചലാൻ സമർപ്പിക്കേണ്ടതാണ്. സർക്കാർ ഹൈസ്കൂളുകൾ ഫീസ് ഒടുക്കേണ്ടതില്ല. അപേക്ഷാഫീസ് യാതൊരുകാരണവശാലും തിരികെ നൽകുന്നതല്ല.

**v.** പുതുതായി ഹയർ സെക്കന്ററി കോഴ്സിന് അപേക്ഷിക്കുന്നവർ സയൻസ്, കോമേഴ്സ്, ഹ്യൂമാനിറ്റീസ് എന്നീ വിഭാഗങ്ങളിൽ സയൻസ്, കൊമേഴ്സ് വിഷയങ്ങൾക്ക് മുൻഗണന നൽകി നിലവിലുള്ള ഏതെങ്കിലും രണ്ട് കോമ്പിനേഷനുകൾ അനുവദിക്കുന്നതിനും അധികബാച്ചിനായുള്ള അപേക്ഷകർക്ക് മേൽ വിഭാഗങ്ങളിൽ സയൻസ്, കൊമേഴ്സ് എന്നിവയ്ക്ക് മുൻഗണന നൽകി ഏതെങ്കിലും ഒരു ബാച്ച് അനുവദിക്കുന്നതിനും അപേക്ഷിക്കാവുന്നതാണ്.

**vi.** ഓരോ വിഭാഗത്തിലും പ്രവേശിപ്പിക്കാവുന്ന കുട്ടികളുടെ എണ്ണം ഹയർ സെക്കന്ററി ഡയറക്ടറുടെ കാലാകാലങ്ങളിലുള്ള തീരുമാനത്തിന് വിധേയമായിരിക്കും.

**vii.** സർക്കാർ അനുവദിക്കുന്ന കോഴ്സുകളിൽ യഥാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന പ്രോസ്പെക്ടസ്സിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കേണ്ടതാണ്.

**viii.** പുതുതായി ഹയർ സെക്കന്ററി സ്കൂൾ/ബാച്ച് അനുവദിക്കുന്നതിനായുള്ള അപേക്ഷാസ്കൂളുകൾക്ക് ചുവടെ ചേർത്തിരിക്കുന്ന അടിസ്ഥാനസൗകര്യങ്ങൾ നിർബന്ധമായും ഉണ്ടായിരിക്കണം.

| | | |
|---|---|---|
| സ്ഥലസൗകര്യം | : | ചുരുങ്ങിയത് 1.2 ഹെക്ടർ |
| കെട്ടിടസൗകര്യം | : | കെ.ഇ.ആർ വ്യവസ്ഥകൾ പ്രകാരം |
| ക്ലാസ്സ്റൂം സൗകര്യം | : | ഒരു ബാച്ചിന് 9 x 6 x 3.70 മീറ്റർ വിസ്തീർണ്ണമുള്ള ക്ലാസ്സ്മുറി ഉപഭാഷാ വിഭാഗത്തിന് 6 x 6 x 3.70 മീറ്റർ വിസ്തീർണ്ണമുള്ള ക്ലാസ്സ്മുറി |
| ലാബോറട്ടറി സൗകര്യം | : | ഓരോ സയൻസ് വിഷയത്തിനും 12 x 6 x 3.70 മീറ്റർ വീതം വിസ്തീർണ്ണമുള്ള മുറി കൂടാതെ നിശ്ചിത ലാബോറട്ടറി ഉപകരണങ്ങൾ ലഭ്യമാക്കണം. |
| ടോയ്ലറ്റ് സൗകര്യം | : | നിശ്ചിത മാനദണ്ഡപ്രകാരമുള്ള ടോയ്ലറ്റ് സൗകര്യം ലഭ്യമാക്കേണ്ടതാണ്. |

**ix.** ഹയർ സെക്കന്ററി കോഴ്സിന് അപേക്ഷിക്കുന്ന സർക്കാർ സ്കൂളുകൾക്ക് മുകളിൽ പറഞ്ഞ ഭൗതിക സൗകര്യങ്ങൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

**x.** താഴെ പറയുന്ന കാര്യങ്ങൾ ഹയർ സെക്കന്ററി കോഴ്സ്/ബാച്ച് അനുവദിക്കുന്നതിനായുള്ള അർഹത നിർണ്ണയത്തിന് പരിഗണിക്കുന്നതാണ്.

1. അപേക്ഷക സ്കൂൾ സ്ഥിതിചെയ്യുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനപ്രദേശത്തിലെ ഹൈസ്കൂളുകളിൽ നിന്നും 2013 മാർച്ചിൽ എസ്.എസ്.എൽ.സി പരീക്ഷ എഴുതി ഉന്നതപഠനത്തിന് അർഹരായ കുട്ടികളുടെ എണ്ണം.
2. അഞ്ച് കി.മീ. ചുറ്റളവിലുള്ള ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളുടെ എണ്ണം.
3. പ്രസ്തുത ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ നിലവിലുള്ള സീറ്റുകളുടെ എണ്ണം.
4. അഞ്ച് കി.മീ. ചുറ്റളവിൽ ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി ഇല്ലാത്ത ഹൈസ്കൂളുകളുടെ എണ്ണം. പ്രസ്തുത ഹൈസ്കൂളുക

ളിൽ നിന്ന് 2013 മാർച്ചിൽ എസ്.എസ്.എൽ.സി പരീക്ഷ എഴുതി ഉന്നത പഠന ത്തിന് അർഹരായ കുട്ടികളുടെ എണ്ണം.

5. സാമൂഹികമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും അപേക്ഷകസ്ഥാ പനം നിലനിൽക്കുന്ന പ്രദേശത്തിന്റെ അവസ്ഥ, ഇതിലേയ്ക്ക് പ്രദേശത്തിന്റെ അപ്രാപ്യത അടുത്ത ഹയർ സെക്കന്ററി സ്കൂളുകളിലേയ്ക്കുള്ള ദൂരം ഗതാ ഗത സൗകര്യങ്ങൾ പ്രദേശത്തെ അടിസ്ഥാന സൗകര്യങ്ങൾ, പ്രദേശത്തെ പട്ടി കവിഭാഗക്കാർ, തോട്ടം തൊഴിലാളികൾ, കൂലിവേലക്കാർ, മത്സ്യതൊഴിലാളി കൾ തുടങ്ങിയ ദുർബലവിഭാഗങ്ങളുടെയും ന്യൂനപക്ഷ വിഭാഗങ്ങളുടെയും സാന്നിധ്യത്തിന്റെ തോത് എന്നിവ പരിഗണിക്കുന്നതാണ്.
6. അപേക്ഷക സ്കൂളിൽ നിലവിലുള്ള ക്ലാസ്സുകളുടെയും വിദ്യാർത്ഥികളുടെയും എണ്ണം.
7. അപേക്ഷക സ്കൂളിന്റെ കഴിഞ്ഞ അഞ്ച് വർഷത്തെ അക്കാദമികമായ നേട്ട ങ്ങൾ.
8. പ്രദേശത്തിന്റെ വിദ്യാഭ്യാസപരമായ അസന്തുലിതാവസ്ഥ പരിഹരിക്കുന്ന തിന്റെ ആവശ്യകത.
9. അപേക്ഷക സ്കൂളിന്റെ അടിസ്ഥാന സൗകര്യങ്ങൾ.

ഈ വിജ്ഞാപനത്തോടൊപ്പം ചേർത്തിരിക്കുന്ന, ടൈപ്പ് ചെയ്തതോ പ്രിന്റ് ചെയ്തതോ ആയ നിശ്ചിത മാതൃകയിലുള്ള രണ്ട് സെറ്റ് അപേക്ഷകൾ ബന്ധപ്പെട്ട രേഖകൾ സഹിതം ഹയർ സെക്കന്ററി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ മുഖാന്തിരം സമർപ്പിക്കേണ്ടതാണ്. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ മേലൊപ്പോടുകൂടിയ ഒരു സെറ്റ് അപേക്ഷ, അപേക്ഷകൻ ഹയർ സെക്കന്ററി ഡയറക്ടറുടെ ഓഫീസ്, ശാന്തി നഗർ, തിരുവനന്തപുരം-1 എന്ന വിലാസത്തിൽ നേരിട്ടോ തപാൽ മാർഗ്ഗമോ **26/06/2013** വെകുന്നേരം **5** മണിക്കുള്ളിൽ സമർപ്പിച്ചിരിക്കേണ്ടതാ ണ്. മറ്റൊന്ന് ബന്ധപ്പെട്ട റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറേറ്റ് ഓഫീസിലും മേൽപ്പറഞ്ഞ സമയ ത്തിനുള്ളിൽ സമർപ്പിച്ചിരിക്കേണ്ടാതാണ്. അപേക്ഷയുടെ കവറിന് പുറത്ത് ഹയർ സെക്കന്ററി സ്കൂൾ/ബാച്ച് അനുവദിക്കുന്നതിനുള്ള അപേക്ഷ 2013 – 2014 എന്ന് വ്യക്തമായി രേഖപ്പെടുത്തേ ണ്ടതാണ്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ നിന്നുള്ള അപേക്ഷകൾ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരത്തിനും, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ നിന്നുള്ള അപേക്ഷകൾ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, എറ ണാകുളത്തിനും, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർകോഡ് ജില്ലകളിൽ നിന്നുള്ള അപേക്ഷകൾ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോടിനും സമർപ്പിക്കേണ്ടതാണ്.

വിജ്ഞാപനവും അപേക്ഷാഫാറവും ചുവടെ ചേർത്തിരിക്കുന്ന വെബ്സൈറ്റുകളിൽ ലഭ്യ മാണ്.

**www.dhsekerala.gov.in**
**www.prd.kerala.gov.in**
**www.educationkerala.gov.in**

ഈ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ മാത്രമേ പരിഗണിക്കുകയുള്ളൂ. നിശ്ചിത തീയതിക്കുശേഷം ലഭിക്കുന്നതും അപൂർണ്ണവും തെറ്റായ വിവരങ്ങൾ ഉൾക്കൊള്ളുന്നതുമായ അപേക്ഷകളും വിജ്ഞാപനത്തിന് മുൻപ് സമർപ്പിച്ചിട്ടുള്ള അപേക്ഷളും യാതൊരു കാരണവശാലും പരിഗണിക്കുകയില്ല. നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം അർഹരായ അപേക്ഷകർ മുൻപ് അപേക്ഷിച്ചിട്ടുണ്ടെങ്കിൽപോലും ഈ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ പുതിയതായി അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.

മേൽ വിജ്ഞാപനപ്രകാരം ലഭ്യമാകുന്ന അപേക്ഷകൾ ആവശ്യകതയുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് അപഗ്രഥിച്ച് സംഗ്രഹിച്ച് ഹയർ സെക്കന്ററി കോഴ്സ്/അധികബാച്ച് അനുവദിക്കാവുന്ന സ്കൂളുകൾ ബാച്ചുകൾ അവയുടെ കോമ്പിനേഷനുകൾ മുതലായവയുടെ ശുപാർശ സർക്കാരിലേയ്ക്ക് യഥാസമയം സമർപ്പിക്കുന്നതാണ്.

മേൽവിഷയത്തിലെ തുടർ നടപടികൾ പുനരവലോകനം ചെയ്യുന്നതിനും മാറ്റം വരുത്തുന്നതിനും, നീട്ടിവെക്കുന്നതിനും റദ്ദാക്കുന്നതിനും ഉള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാണ്.

**ഒപ്പ്/-**
**ഡയറക്ടർ**

s

# 2013 – 2014 അദ്ധ്യയന വർഷത്തിൽ ഗവ/എയ്ഡഡ് ഹയർ സെക്കന്ററി സ്കൂൾ അനുവദിക്കുന്നതിനുള്ള അപേക്ഷ

**വിജ്ഞാപനം നം. എ.സി.ഡി.സി.3/16830/എച്ച്.എസ്.ഇ/13 തീയതി : 13/06/2013**

1. അപേക്ഷകന്റെ/അപേക്ഷകയുടെ പേരും മേൽവിലാസവും :
2. കോഴ്സ് തുടങ്ങാനുദ്ദേശിക്കുന്ന സ്കൂളിന്റെ പേര് :
3. മാനേജ്മെന്റിന്റെ പേര് (ഗവ/കോർപ്പറേറ്റ്/ ട്രസ്റ്റ്/വ്യക്തി എന്നിവയിൽ ഏതാണെന്ന് വ്യക്തമാക്കണം) :
4. മാനേജ്മെന്റിന്റെ സ്വഭാവം (ന്യൂനപക്ഷം/ പൊതുവിഭാഗം മുതലായവ) : :
5. സ്കൂൾ നിൽക്കുന്ന സ്ഥലത്തിന്റെ പേര് :
6. ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ :
7. നിയമസഭാ മണ്ഡലം, ലോകസഭാ മണ്ഡലം :
8. വില്ലേജ്, താലൂക്ക്, റവന്യൂ ജില്ല, വിദ്യാഭ്യാസ ജില്ല, വിദ്യാഭ്യാസ ഉപജില്ല :
9. തുടങ്ങാനുദ്ദേശിക്കുന്ന കോഴ്സ്, ബാച്ചുകളുടെ എണ്ണം, കോമ്പിനേഷൻ (സയൻസ്, ഹ്യൂമാനിറ്റീസ്/കോമേഴ്സ് എന്നിവയിൽ സയൻസ്, കോമേഴ്സ് എന്നീ വിഭാഗങ്ങൾക്ക് മുൻഗണന നൽകി ഓരോന്നിനും ഓരോ ബാച്ചുകൾ വീതം ആകെ രണ്ട് ബാച്ചുകൾ അനുവദിക്കുന്നതിന് അപേക്ഷിക്കാവുന്നതാണ്):
10. പാർട്ട് II ഭാഷയായി സ്വീകരിക്കാനുദ്ദേശിക്കുന്ന ഭാഷകൾ. (പാർട്ട് II ഭാഷകളിൽ ഒന്ന് നിർബന്ധമായും മലയാളം ആയിരിക്കണം) :
11. അപേക്ഷക സ്കൂൾ ഉൾപ്പെടെ അപേക്ഷക സ്കൂളിന്റെ ഗ്രാമപഞ്ചായത്ത്/തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് കീഴിലുള്ള

ഹൈസ്കൂളുകളുടെയും ഹയർ സെക്കന്ററി
സ്കൂളുകളുടെയും എണ്ണം :

12. മേൽ സ്കൂളുകളിൽ ഓരോന്നിലും 2013 മാർച്ചിൽ എസ്.എസ്.എൽ.സി പാസ്സായി ഉന്നതപഠനത്തിന് യോഗ്യത നേടിയ കുട്ടികളുടെ എണ്ണവും ഹയർ സെക്കന്ററിയ്ക്ക് ലഭ്യമായ സീറ്റുകളുടെ എണ്ണവും :

| സ്കൂളിന്റെ പേര് | ഹൈസ്കൂൾ കോഡ് | ഹയർ സെക്കന്ററി സ്കൂൾ കോഡ് | ഗവ/ എയ്ഡഡ് /സ്വാശ്രയം | 2013 മാർച്ചിൽ എസ്.എസ്.എൽ.സി പാസ്സായ കുട്ടികളുടെ എണ്ണം | ഹയർ സെക്കന്ററി/ വൊക്കേഷണൽ ഹയർ സെക്കന്ററിയ്ക്ക് ലഭ്യമായിട്ടുള്ള സീറ്റുകളുടെ എണ്ണം | അപേക്ഷക സ്കൂളിൽ നിന്നുള്ള ദൂരം |
|---|---|---|---|---|---|---|
| | | | | | | |
| | | | **ആകെ** | | | |

13. അപേക്ഷക സ്കൂളിൽ നിന്നും 5 കി.മീ. ചുറ്റളവിൽ നിലവിലുള്ള ഹയർ സെക്കന്ററി/ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ നിന്നും 2013 മാർച്ചിൽ എസ്.എസ്.എൽ.സി പാസ്സായ കുട്ടികളുടെ എണ്ണവും ടി സ്കൂളിൽ ഹയർ സെക്കന്ററിക്ക് ലഭ്യമായ ആകെ സീറ്റിന്റെ എണ്ണവും (ഗവ/എയ്ഡഡ്/സ്വാശ്രയ മേഖലകളിൽ ഏതാണെന്ന് വ്യക്തമായി സൂചിപ്പിക്കണം) :

| സ്കൂളിന്റെ പേര് | ഹൈസ്കൂൾ കോഡ് | ഹയർ സെക്കന്ററി സ്കൂൾ കോഡ് | ഗവ/ എയ്ഡഡ് /സ്വാശ്രയം | 2013 മാർച്ചിൽ എസ്.എസ്.എൽ.സി പാസ്സായ കുട്ടികളുടെ എണ്ണം | ഹയർ സെക്കന്ററി/ വൊക്കേഷണൽ ഹയർ സെക്കന്ററിയ്ക്ക് ലഭ്യമായിട്ടുള്ള സീറ്റുകളുടെ എണ്ണം | അപേക്ഷക സ്കൂളിൽ നിന്നുള്ള ദൂരം |
|---|---|---|---|---|---|---|
| | | | | | | |
| | | | **ആകെ** | | | |

14. അപേക്ഷക സ്കൂളിന്റെ 5 കി.മീ. ചുറ്റളവിൽ ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി കോഴ്സ് നിലവിലില്ലാത്ത ഹൈസ്കൂളുകളും അവയിൽ നിന്നും 2013 മാർച്ചിൽ എസ്.എസ്.എൽ.സി പാസ്സായ കുട്ടികളുടെ എണ്ണവും :

| സ്കൂളിന്റെ പേര് | ഹൈസ്കൂൾ കോഡ് | ഗവ/ എയ്ഡഡ് /സ്വാശ്രയം | 2013 മാർച്ചിൽ എസ്. എസ്.എൽ.സി പാസ്സായ കുട്ടികളുടെ എണ്ണം | അപേക്ഷക സ്കൂളിൽ നിന്നുള്ള ദൂരം |
|---|---|---|---|---|
| | | | | |
| | | **ആകെ** | | |

15. സാമൂഹികവും വിദ്യാഭ്യാസപരവുമായ പിന്നോക്കാവസ്ഥ, (ഇതിലേയക്കായി സ്കൂൾ സ്ഥിതിചെയ്യുന്ന പ്രദേശത്തിന്റെ വിദൂരത, ഏറ്റവും അടുത്ത ഹയർ സെക്കന്ററി സ്കൂളുകളിലേയ്ക്കുള്ള ദൂരം, ലഭ്യമായ യാത്രാസൗകര്യം, ലഭ്യമായ അടിസ്ഥാനസൗകര്യങ്ങളും സേവനങ്ങളും ടി പ്രദേശത്തെ പട്ടികവിഭാഗക്കാർ, തോട്ടംതൊഴിലാളികൾ, കൂലിവേലക്കാർ, മത്സ്യത്തൊഴിലാളികൾ തുടങ്ങിയ ദുർബല വിഭാഗത്തിന്റെ തോത് മുതലായ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്) :

16. അപേക്ഷക സ്കൂളിൽ ഓരോ ക്ലാസ്സിലും പഠിക്കുന്ന കുട്ടികളുടെ എണ്ണം :
17. അപേക്ഷക സ്കൂളിലെ കഴിഞ്ഞ അഞ്ചു വർഷത്തെ അക്കാദമിക് നേട്ടങ്ങൾ :
18. അപേക്ഷക സ്കൂൾ പ്രദേശത്തെ പ്രാദേശിക വിദ്യാഭ്യാസ അസന്തുലിതാവസ്ഥ പരിഹരിക്കേണ്ട ആവശ്യകത :
19. അപേക്ഷക സ്കൂളിൽ ലഭ്യമായ അടിസ്ഥാന സൗകര്യങ്ങൾ :
20. അപേക്ഷക സ്കൂളിന്റെ ഏറ്റവും അടുത്തുള്ള

ആർട്സ്/സയൻസ് കോളേജും, ടി കോളേ ജിലേയ്ക്ക് അപേക്ഷക സ്കൂളിൽ നിന്നുള്ള ദൂരവും (താരതമ്യേന അടുത്ത അകലത്തിൽ ഒന്നിൽ കൂടുതൽ കോളേജുകൾ ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ ചേർക്കണം) :

21. അപേക്ഷക സ്കൂളിൽ ഹയർ സെക്കന്ററി വിഭാഗത്തിൽ എല്ലാ സാമുദായിക വിഭാഗങ്ങ ൾക്കുംആൺകുട്ടികൾക്കും, പെൺകുട്ടിക ൾക്കും പ്രവേശനം ലഭ്യമാണോ ? :

22. ഭൂവിസ്തൃതി, സർവ്വേ നമ്പർ/പട്ടയ നമ്പർ :

23. അപേക്ഷക സ്കൂളിൽ നിന്നും

(എ) ഏറ്റവും അടുത്ത ബസ്റ്റോപ്പിലേയ്ക്കു ള്ള ദൂരം :

(ബി) ഏറ്റവും അടുത്ത റെയിൽവേസ്റ്റേഷനി ലേയ്ക്കുള്ള ദൂരം :

24. അപേക്ഷക സ്കൂളിൽ നിന്നും

(എ) ഏറ്റവും അടുത്ത ശ്മശാനത്തിലേയ്ക്കു ള്ള ദൂരം :

(ബി) ഏറ്റവും അടുത്ത മദ്യഷാപ്പിലേയ്ക്കുള്ള ദൂരം :

| | | | |
|---|---|---|---|
| 25. അപേക്ഷക സ്കൂളിൽ ലഭ്യമായ അടിസ്ഥാ ന സൗകര്യങ്ങൾ | : | നിലവിലുള്ളവ | നിർമ്മാണത്തിന് ഉദ്ദേശിക്കുന്നത് |
| കെട്ടിടം | : | | |
| സ്ഥിരം | : | | |
| താൽക്കാലികം | : | | |

(നിലവിലുള്ള കെട്ടിടത്തിന്റെ/പുതുതായി നിർമ്മിക്കാനുദ്ദേശിക്കുന്ന കെട്ടിടത്തിന്റെ പ്ലാൻ ഹാജരാക്കിയിട്ടുണ്ടോ?) :

26. ലഭ്യമായ സൗകര്യങ്ങൾ

9 x 6 x 3.7 മീ. വലിപ്പത്തിലുള്ള ക്ലാസ്സ് മുറികളുടെ എണ്ണം :

6 x 6 x 3.7 മീ. വലിപ്പത്തിലുള്ള ക്ലാസ്സ്

മുറികളുടെ എണ്ണം :

ലാബ് മുറികളുടെ എണ്ണം
(12 x 6 x 3.7 മീ. വലിപ്പത്തിലുള്ളത് ) :

27. ലഭ്യമായ ഫർണ്ണിച്ചറുകളുടെ വിശദാംശങ്ങൾ:

28. ലൈബ്രറിയ്ക്ക് പ്രത്യേക മുറി ലഭ്യമാണോ?
(എങ്കിൽ ആയതിന്റെ വലിപ്പം/പ്ലാൻ ലഭ്യമായ പുസ്തകങ്ങളുടെ എണ്ണം) :

29. താഴെ പറയുന്ന സൗകര്യങ്ങൾ ലഭ്യമാണോ?
(എ) പ്രിൻസിപ്പൽ റൂം :
(ബി) സ്റ്റാഫ് റൂം :
(സി) പെൺകുട്ടികൾക്കായുള്ള പൊതുവായ മുറി :
(ഡി) ഭക്ഷണമുറി :
(ഇ) ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം കക്കൂസ്, മൂത്രപ്പുരകൾ (നിശ്ചിത മാനദണ്ഡപ്രകാരം ഉണ്ടായിരിക്കേണ്ടത്) :
(എഫ്) കളിസ്ഥലം :
(ജി) കുടിവെള്ളത്തിന്റെ ലഭ്യത :

30. അപേക്ഷകനോ/അപേക്ഷ എഡ്യൂക്കേഷണൽ ഏജൻസിയിലുൾപ്പെടുന്ന എതെങ്കിലും അംഗമോ ഏതെങ്കിലും ക്രിമിനൽ കുറ്റത്തിന് വിശിഷ്യാ അസാൻമാർഗ്ഗിക കുറ്റത്തിന് കോടതിയിൽ നിന്ന് ശിക്ഷിക്കപ്പെട്ടിട്ടുണ്ടോ? :

31. അപേക്ഷകന്റെ സാമ്പത്തിക ഭദ്രത
(സാമ്പത്തിക ഭദ്രതയുടെ സൂചകങ്ങൾ)
(എ) ഭൂമി :
(ബി) ബാങ്ക് ഗ്യാരന്റി :
(സി) സ്ഥിര നിക്ഷേപം/സെക്യൂരിറ്റികൾ :

32. സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന പ്രോസ്പെക്ടസിന്റെയും നിർദ്ദേശിക്കുന്ന കോഴ്സുകളുടെയും അടിസ്ഥാനത്തിൽ വിദ്യാർത്ഥികൾക്ക് പ്രവേശനം

നൽകാൻ തയ്യാറാണോ ? :

33. അപേക്ഷാഫീസ് അടച്ചതിന്റെ വിശദാംശ ങ്ങൾ (തുക, ചലാൻ നമ്പർ, പണമടച്ച തീയതി, ട്രഷറിയുടെ പേര്) :

## സത്യവാങ്മൂലം

മുകളിൽ ചേർത്തിട്ടുള്ള വസ്തുതകൾ മുഴുവനും എന്റെ അറിവിലും വിശ്വാസത്തിലും പെട്ടിടത്തോളം വാസ്തവമാണെന്ന് ഇതിനാൽ സത്യം ചെയ്യുന്നു. മേൽ വിഷയവുമായി ബന്ധപ്പെട്ട് കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കും നിർദ്ദേശങ്ങൾക്കും വിധേയമായി പ്രവർത്തിക്കുന്നതിന് ഞാൻ ബാധ്യസ്ഥനാണെന്നും ഇതിനാൽ ഉറപ്പുനൽകുന്നു.

സ്ഥലം : സ്ഥാപനത്തിന്റെ മുദ്ര അപേക്ഷകൻ/അപേക്ഷകയുടെ ഒപ്പ്.

തീയതി :

---

ഈ അപേക്ഷ മേൽ വിജ്ഞാപനത്തിന്റെ നിബന്ധനകൾക്ക് വിധേയമായി സമർപ്പിച്ചിട്ടുള്ളതാണ്.

റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ

സ്ഥലം :
തീയതി :

ഓഫീസ് മുദ്ര

| സ്കൂൾ കോഡ് : |
|---|

## 2013 – 2014 അദ്ധ്യയന വർഷത്തിൽ നിലവിലുള്ള ഗവ/എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ അധിക ബാച്ച് അനുവദിക്കുന്നതിനുള്ള അപേക്ഷ

**വിജ്ഞാപനം നം. എ.സി.ഡി.സി.3/16830/എച്ച്.എസ്.ഇ/13** **തീയതി : 13/06/2013**

1. അപേക്ഷകന്റെ/അപേക്ഷകയുടെ പേരും മേൽവിലാസവും :
2. അധികബാച്ച് തുടങ്ങാനുദ്ദേശിക്കുന്ന സ്കൂളിന്റെ പേര് :
3. മാനേജ്മെന്റിന്റെ (ഗവ/കോർപ്പറേറ്റ്/ വ്യക്തി/ട്രസ്റ്റ് എന്നിവയിൽ ഏതാണെന്ന് വ്യക്തമാക്കണം) :
4. മാനേജ്മെന്റിന്റെ പദവി (ന്യൂനപക്ഷം/ അല്ലാത്തത്) :
5. സ്കൂൾ സ്ഥിതിചെയ്യുന്ന സ്ഥലം :
6. പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷന്റെ പേര് :
7. നിയമസഭാ മണ്ഡലത്തിന്റെ പേര് :
8. ലോകസഭാ മണ്ഡലത്തിന്റെ പേര് :
9. വില്ലേജ്, താലൂക്ക്, ബ്ലോക്ക്, റവന്യൂ ജില്ല, വിദ്യാഭ്യാസ ജില്ല :
10. **<u>നിലവിലുള്ള ബാച്ചുകൾ</u>** (ഓരോ ബാച്ചിന്റെയും ഗ്രൂപ്പും സബ്ജക്റ്റ് കോമ്പിനേഷനും വ്യക്തമാക്കിയിരിക്കണം) :

| വിഭാഗം | കോമ്പിനേഷനുകൾ | ബാച്ചുകളുടെ എണ്ണം | ബാച്ച് അനുവദിച്ച ഗവൺമെന്റ് ഉത്തരവ് ബന്ധപ്പെട്ട ഗവ: ഉത്തരവുകളുടെ പകർപ്പ് ഉള്ളടക്കം ചെയ്യണം |
|---|---|---|---|
| സയൻസ് | | | |
| | | | |
| | | | |
| ഹ്യൂമാനിറ്റീസ് | | | |
| | | | |
| | | | |
| കോമേഴ്സ് | | | |
| | | | |
| | | | |

11. അധികബാച്ച് തുടങ്ങുന്നതിന് ഉദ്ദേശിക്കുന്ന
വിഭാഗവും സബ്ജക്റ്റ് കോമ്പിനേഷനും :

| വിഭാഗം | കോമ്പിനേഷൻ | കോമ്പിനേഷൻ കോഡ് |
|---|---|---|
| സയൻസ് | | |
| ഹ്യൂമാനിറ്റീസ് | | |
| കോമേഴ്സ് | | |

12. സയൻസ്, കോമേഴ്സ്, ഹ്യൂമാനിറ്റീസ് എന്നീ **വിഭാഗങ്ങളിൽ** സയൻസിനോ, കോമേഴ്സിനോ മുൻഗണന നൽകി ഏതെങ്കിലും ഒരെണ്ണം തെരഞ്ഞെടുക്കാവുന്നതാണ്.
നേരത്തെ അനുവദിച്ചിട്ടുള്ള തസത്കികൾ/പുതുതായി ആവശ്യമുള്ള തസ്തികകൾ

| വിഷയം | നിലവിൽ അനുവദിച്ചിട്ടുള്ള തസ്തികകൾ | | അധികബാച്ച് അനുവദിക്കുകവഴി പുതുതായി ആവശ്യം വരുന്ന തസ്തികകൾ | | | റിമാർക്ക്സ് |
|---|---|---|---|---|---|---|
| | HSST | HSST (Jr) | HSST | HSST (Jr) | Upgradation | |
| പാർട്ട് I ഇംഗ്ലീഷ് | | | | | | |
| പാർട്ട് II ഭാഷകൾ | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| പാർട്ട് III വിഷയങ്ങൾ | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |

- നേരത്തെ അനുവദിച്ചിട്ടുള്ള ബാച്ചുകളിൽ തസ്തിക സൃഷ്ടിക്കുന്നതിന് ബാക്കിയുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ റിമാർക്സ് കോളത്തിൽ വ്യക്തമാക്കേണ്ടതാണ്.

13. നിലവിലെ പാർട്ട് II ഭാഷകൾ :

14. അപേക്ഷക സ്കൂളിൽ നിന്നും ടി സ്കൂൾ
സ്ഥിതി ചെയ്യുന്ന തദ്ദേശ സ്വയംഭരണ സ്ഥാപ

നത്തിന്റെ കീഴിലുള്ള മറ്റ് ഹയർ സെക്കന്ററി/ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ നിന്നും മറ്റ് ഹൈസ്കൂളുകളിൽ നിന്നും മാർച്ച് 2013 ൽ SSLC പാസ്സായ കുട്ടികളുടെ എണ്ണവും HSS/ VHSE യ്ക്ക് ലഭ്യമായ സീറ്റുകളുടെ എണ്ണവും (ഗവ/എയ്ഡഡ്/സ്വാശ്രയം എന്നിവയിലേതാണെന്ന് വ്യക്തമായി സൂചിപ്പിക്കണം) :

| സ്കൂളിന്റെ പേര് | ഹൈസ്കൂൾ കോഡ് | ഹയർ സെക്കന്ററി സ്കൂൾ കോഡ് | ഗവ/ എയ്ഡഡ് /സ്വാശ്രയം | 2013 മാർച്ചിൽ എസ്.എസ്. എൽ.സി പാസ്സായ കുട്ടികളുടെ എണ്ണം | ഹയർ സെക്കന്ററി/ വൊക്കേഷണൽ ഹയർ സെക്കന്ററി യ്ക്ക് ലഭ്യമായിട്ടുള്ള സീറ്റുകളുടെ എണ്ണം | അപേക്ഷക സ്കൂളിൽ നിന്നുള്ള ദൂരം |
|---|---|---|---|---|---|---|
| | | | | | | |
| | | | **ആകെ** | | | |

15. അപേക്ഷക സ്കൂളിന്റെ 5 കി.മീ. ചുറ്റളവിൽ നിലവിലുള്ള മറ്റ് ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾ അവയിൽ നിന്നും 2013 മാർച്ചിൽ SSLC പാസ്സായ കുട്ടികളുടെ എണ്ണവും ടി സ്കൂളുകളിൽ HSS/VHSE യ്ക്ക് ലഭ്യമായ സീറ്റുകൾ എന്നിവയുടെ വിശദാംശങ്ങൾ (ഓരോ സ്കൂളിന്റെയും വിശദാംശങ്ങൾ പ്രത്യേകം സൂചിപ്പിക്കണം) :

| സ്കൂളിന്റെ പേര് | ഹൈസ്കൂൾ കോഡ് | ഹയർ സെക്കന്ററി സ്കൂൾ കോഡ് | ഗവ/ എയ്ഡഡ് /സ്വാശ്രയം | 2013 മാർച്ചിൽ എസ്.എസ്. എൽ.സി പാസ്സായ കുട്ടികളുടെ എണ്ണം | ഹയർ സെക്കന്ററി/ വൊക്കേഷണൽ ഹയർ സെക്കന്ററി യ്ക്ക് ലഭ്യമായിട്ടുള്ള സീറ്റുകളുടെ എണ്ണം | അപേക്ഷക സ്കൂളിൽ നിന്നുള്ള ദൂരം |
|---|---|---|---|---|---|---|
| | | | | | | |
| | | | **ആകെ** | | | |

16. അപേക്ഷക സ്കൂളിന്റെ 5 കി.മീ. ചുറ്റളവിൽ നിലവിലുള്ള ഹയർ സെക്കന്ററി വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗം ഇല്ലാത്ത ഹൈസ്കൂളുകളും അവയിൽ നിന്നും 2013 മാർച്ചിൽ SSLC പാസ്സായ കുട്ടികളുടെ എണ്ണവും :

| സ്കൂളിന്റെ പേര് | ഹൈസ്കൂൾ കോഡ് | എസ്.എസ്.എൽ.സി പാസ്സായ കുട്ടികളുടെ എണ്ണം |
|---|---|---|
| | | |
| | | |
| | | |
| ആകെ | | |

17. അപേക്ഷക സ്കൂൾ സ്ഥിതിചെയ്യുന്ന പ്രദേശത്തിന്റെ പിന്നോക്കാവസ്ഥ, (ഇതിലേയ്ക്കായി സ്കൂൾ സ്ഥിതി ചെയ്യുന്ന പ്രദേശത്തിന്റെ വിദൂരത, തൊട്ടടുത്ത ഹയർ സെക്കന്ററി സ്കൂളിലേക്കുള്ള ദൂരം, ലഭ്യമായ ഗതാഗതസൗകര്യങ്ങൾ, അടിസ്ഥാനസൗകര്യങ്ങൾ, പട്ടിക വിഭാഗങ്ങൾ, തോട്ടം തൊഴിലാളികൾ, കൂലിവേലക്കാർ, മത്സ്യതൊഴിലാളികൾ തുടങ്ങിയ ദുർബല വിഭാഗങ്ങളുടെ സാന്നിദ്ധ്യത്തിന്റെ തോത് എന്നിവ വ്യക്തമാക്കുക) :

18. അപേക്ഷക സ്കൂളുൾപ്പെടുന്ന പഞ്ചായത്ത്/തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിൽ വരുന്ന ഭാഷാമത ന്യൂനപക്ഷ വിഭാഗക്കാരുടെ ശതമാനം :

19. അപേക്ഷക സ്കൂളിൽ ഓരോ ക്ലാസ്സിലും പഠിക്കുന്ന കുട്ടികളുടെ എണ്ണം :

20. അപേക്ഷക സ്കൂളിന്റെ കഴിഞ്ഞ 5 വർഷത്തെ അക്കാദമികപരമായ നേട്ടങ്ങൾ :

21. അപേക്ഷക സ്കൂൾ സ്ഥിതി ചെയ്യുന്ന പ്രദേശത്തെ പ്രാദേശിക വിദ്യാഭ്യാസ അസന്തുലിതാവസ്ഥ പരിഹരിക്കേണ്ട ആവശ്യകത:

22. അപേക്ഷക സ്കൂളിൽ ലഭ്യമായ അടിസ്ഥാന സൗകര്യങ്ങൾ :

23. അപേക്ഷക സ്കൂളിന്റെ ഏറ്റവും അടുത്ത മറ്റ് 4 ഹയർ സെക്കന്ററി സ്കൂളുകൾ അവയിലേയ്ക്ക് അപേക്ഷക സ്കൂളിൽ

നിന്നുള്ള ദൂരം, ടി സ്കൂളുകളിൽ നിന്നും മാർച്ച് 2013 ൽ SSLC പാസ്സായ കുട്ടികളുടെ എണ്ണം, ഹയർ സെക്കന്ററിക്ക് ലഭ്യമായ സീറ്റുകളുടെ എണ്ണം എന്നീ വിശദാംശങ്ങൾ :

| സ്കൂളിന്റെ പേര് | ഹൈസ്കൂൾ കോഡ് | ഹയർ സെക്കന്ററി സ്കൂൾ കോഡ് | ഗവ/ എയ്ഡഡ് /സ്വാശ്രയം | 2013 മാർച്ചിൽ എസ്.എസ്. എൽ.സി പാസ്സായ കുട്ടികളുടെ എണ്ണം | ഹയർ സെക്കന്ററി/ വൊക്കേഷണൽ ഹയർ സെക്കന്ററിയ്ക്ക് ലഭ്യമായിട്ടുള്ള സീറ്റുകളുടെ എണ്ണം | അപേക്ഷക സ്കൂളിൽ നിന്നുള്ള ദൂരം |
|---|---|---|---|---|---|---|
| | | | | | | |
| | | | **ആകെ** | | | |

24. അപേക്ഷക സ്കൂളിന്റെ ഏറ്റവും അടുത്ത ആർട്സ് ആന്റ് സയൻസ് കോളേജിലേക്കുള്ള ദൂരം (താരതമ്യേന അടുത്ത അകലത്തിൽ ഒന്നിലധികം കോളേജുകളുണ്ടെങ്കിൽ ആയത് ചേർക്കാവുന്നതാണ് :
25. അപേക്ഷക സ്കൂളിൽ എല്ലാ സാമുദായിക വിഭാഗങ്ങൾക്കും ആൺകുട്ടികൾക്കും/ പെൺകുട്ടികൾക്കും പ്രവേശനം ലഭ്യമാണോ ? :
26. അപേക്ഷക സ്കൂളിൽ ലഭ്യമായ സ്ഥലസൗകര്യം :
    (എ) വിസ്തീർണ്ണം :
    (ബി) സർവ്വേ നമ്പർ :
    (സി) പട്ടയ നമ്പർ :
27. അപേക്ഷക സ്കൂളിലേയ്ക്കുള്ള പ്രാപ്യത
    (എ) റോഡുമാർഗ്ഗം (ഏറ്റവും അടുത്ത ബസ് സ്റ്റേപ്പിലേയ്ക്കുള്ള ദൂരം) :
    (ബി) റെയിൽ മാർഗ്ഗം/ഏറ്റവും അടുത്ത റെയിൽവേ സ്റ്റേഷനിലേയ്ക്കുള്ള ദൂരം :
28. അപേക്ഷക സ്കൂളിൽ നിന്നും ഏറ്റവും അടുത്ത ശ്മശാനത്തിലേയ്ക്കും മദ്യഷാപ്പിലേയ്ക്കും ഉള്ള ദൂരം :

29. അടിസ്ഥാന സൗകര്യങ്ങൾ :

| കെട്ടിടങ്ങൾ | നിലവിലുള്ളവ | പുതുതായി നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത് |
|---|---|---|
| സ്ഥിരം | : | |
| താൽക്കാലികം | : | |

(നിലവിലുള്ള കെട്ടിടത്തിന്റെയും/പുതുതായി നിർമ്മിക്കാനുദ്ദേശിക്കുന്ന കെട്ടിടത്തിന്റെയും പ്ലാൻ ഉള്ളടക്കം ചെയ്തിട്ടുണ്ടോ?) :

30. ലഭ്യമായ സൗകര്യങ്ങൾ

9 x 6 x 3.7 മീ. വിസ്തീർണ്ണമുള്ള ക്ലാസ്സ് മുറികൾ :

6 x 6 x 3.7 മീ. വിസ്തീർണ്ണമുള്ള ക്ലാസ്സ് മുറികൾ :

(12 x 6 x 3.7 മീ. വിസ്തീർണ്ണമുള്ള ക്ലാസ്സ് മുറികൾ :

പ്രൻസിപ്പൽ മുറി :

സ്റ്റാഫ് റൂം :

പെൺകുട്ടികൾക്ക് പൊതുവായ മുറി :

ലൈബ്രറി റൂം (വിസ്തീർണ്ണം വ്യക്തമാക്കണം) :

ടോയ്‌ലറ്റ് സൗകര്യം (നിശ്ചിതമാനദണ്ഡ പ്രകാരം ലഭ്യമാക്കിയിരിക്കണം :

കുടിവെള്ള സൗകര്യം :

31. ലഭ്യമായ ഫർണ്ണിച്ചറുകളുടെ വിശദാംശങ്ങൾ:

32. ലൈബ്രറിയ്ക്ക് പ്രത്യേക മുറി ലഭ്യമാണോ? (എങ്കിൽ ആയതിന്റെ വിസ്തീർണ്ണം/ബിൽഡിംഗ് പ്ലാൻ ലഭ്യമായപുസ്തകങ്ങളുടെ എണ്ണം എന്നിവ വ്യക്തമാക്കണം) :

33. അപേക്ഷാഫീസ് അടച്ചതിന്റെ വിശദാംശ ങ്ങൾ (തുക, ചലാൻ നമ്പർ, പണമടച്ച തീയതി,

ട്രഷറിയുടെ പേര്) (സർക്കാർ സ്കൂളുകൾക്ക്
ബാധകമല്ല) :

## സത്യവാങ്മൂലം

മുകളിൽ ചേർത്ത വിവരങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും പെട്ടിടത്തോളം വാസ്തവമാണെന്ന് ഇതിനാൽ സത്യം ചെയ്യുന്നു. മേൽ വിഷയവുമായി ബന്ധപ്പെട്ട് കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കും നിർദ്ദേശങ്ങൾക്കും വിധേയമായി പ്രവർത്തിക്കുന്നതിന് ബാധ്യസ്ഥനാണെന്നും ഇതിനാൽ ഉറപ്പുനൽകുന്നു.

സ്ഥലം : സ്ഥാപനത്തിന്റെ മുദ്ര അപേക്ഷകൻ/അപേക്ഷകയുടെ ഒപ്പ്.
തീയതി :

---

ഈ അപേക്ഷമേൽ വിജ്ഞാപനത്തിന്റെ നിബന്ധനകൾക്ക് വിധേയമായി സമർപ്പിച്ചിട്ടുള്ളതാണ്.

റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ

സ്ഥലം :
തീയതി :

ഓഫീസ് മുദ്ര

s